GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

28-05-2021

# കാർഷികവാർത്തകൾ

## 1. കൃഷിവകുപ്പ് പൈനാപ്പിളും കപ്പയും സംഭരിക്കുന്നു

ഹോർട്ടികോർപ്പ് വാഴക്കുളം അഗ്രോ പ്രോസസ്സിംങ്ങ് കമ്പനി വഴി കൈതച്ചക്കയുടേയും കപ്പയുടേയും സംഭരണം കൃഷിവകുപ്പ് ആരംഭിച്ചു. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി കർഷകർക്ക് ജില്ലാതലത്തിൽ ഹോർട്ടികോർപ്പ് ആരംഭിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെടാവുന്നതാണ്. വിവിധ ജില്ലകളിലെ ഹെൽപ്പ് ഡെസ്ക് നമ്പരുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം 963323 5081 | കൊല്ലം 9446207383 |
| പത്തനംതിട്ട 9447335078 | ആലപ്പുഴ 9447860263 |
| കോട്ടയം 9447583081 | ഇടുക്കി 8547479101 |
| എറണാകുളം 9497689997 | തൃശ്ശൂർ 9446360336 |
| പാലക്കാട് 9447779770 | മലപ്പുറം 9447449183 |
| കോഴിക്കോട് 9497079534 | വയനാട് 9745468414 |
| കണ്ണൂർ 9895371970 | |

## 2. ഓൺലൈൻ മൃഗചികിത്സയുമായി വെറ്ററിനറിസർവകലാശാല

വളർത്തുമൃഗ പരിപാലനം, രോഗം ഭക്ഷണരീതി മറ്റ് അനുബന്ധമേഖലകൾ എന്നിവയിലുള്ള കർഷകരുടെ സംശയങ്ങൾക്ക് തത്സമയ പരിഹാരവുമായി വെറ്ററിനറി സർവകലാശാലയുടെ കാഫ് പദ്ധതി. കർഷകർക്ക് മൊബൈൽ കോൺഫറൻസിങ്ങിലൂടെ പ്രശ്നപരിഹാരം ലഭിക്കുന്നതിനായി എല്ലാ ദിവസവും പകൽ സമയം ഒൻപതു മണി മുതൽ പന്ത്രണ്ട് മണിവരേയും രണ്ടു മണി മുതൽ അഞ്ചു മണി വരെയും **'9447030801'** എന്ന നമ്പരിൽ വിളിയ്ക്കാവുന്നതാണ്. വിദഗ്ധരുമായി നേരിട്ട് ആശയവിനിമയം നടത്തി സംശയനിവാരണം നടത്താനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. പദ്ധതിയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ എം കെ നാരായണൻ – **9447019009** : ഡോ എസ് അജിത്കുമാർ – **940032251I**

**3. ഭാരതീയ പ്രകൃതികൃഷി പദ്ധതി**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിൽ അംഗമാകാൻ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചതായി കോഴിക്കോട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. താൽപ്പര്യമുള്ളവർക്ക് താഴെ പറയുന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് പേര് മേൽവിലാസം തുടങ്ങിയ വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്. https://tinyurl.com/y553txdf

കൂടുതൽ വിവരങ്ങൾക്ക് **9048329423** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**4. തീറ്റപ്പുൽകൃഷിയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു**

തീറ്റപ്പുൽകൃഷി ചെയ്യാൻ താൽപ്പര്യമുള്ള കർഷകരിൽനിന്നും ക്ഷീരവികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കർഷകർ ബ്ലോക്ക്തല ക്ഷീരവികസന യൂണിറ്റ് ഓഫീസിലോ സമീപത്തെ ക്ഷീരസഹകരണസംഘത്തിലോ ജൂൺമാസം ഇരുപത്തിഒന്നാം തീയതിയ്ക്കു മുമ്പായി അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

**ഓൺലൈൻ പരിശീലനങ്ങൾ**

**5.** **വെള്ളായണി കാർഷിക കോളേജ്** സസ്യ പ്രജനന ശാസ്ത്ര വിഭാഗത്തിന്റെആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരിക്കുന്ന 'അതിജീവനം കൃഷിയിലൂടെ' എന്ന വെബിനാർ പരമ്പരയിൽ ഇന്ന് **(28-05-2021 ന്)** ഉച്ചയ്ക്ക് 3.30 മുതൽ 5.00മണി വരെ 'പച്ചക്കറി വിളകൾ ഇനങ്ങളും സവിശേഷതകളും'എന്ന വിഷയത്തിൽ അസോസിയേറ്റ് പ്രൊഫസർഡോജി സീജപ്രഭാഷണം നടത്തുന്നു.കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ - **9497453663**

**6.** **കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ'** ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ധഭാഷണ പരമ്പരയിൽ ഇന്ന് (28-05-2021 ന്) വൈകിട്ട് 5.00മണിക്ക്'വളർത്തുമൃഗങ്ങളിലെ പരാദ രോഗ ചികിത്സ മഴയ്ക്ക് മുമ്പ് ചെയ്യേണ്ടത്'എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തിസർവകലാശാല പരാദ വിഭാഗം മേധാവി ഡോ ബിന്ദു ലക്ഷ്മണിന്റെ ആമുഖവും തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ ഡോ കെ ശ്യാമളയുടെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. കർഷകരുടെ

സംശയദൂരീകരണത്തിനായുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. നാളെ **(29-05-2021 ന്)** 'മാലിന്യസംസ്കരണം മഴക്കാലത്ത്'എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രഭാഷണം. വിശദ വിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **9446625160 / 9895213500**

7. **തിരുവനന്തപുരംവെള്ളനാട് മിത്രാനികേതൻകൃഷിവിജ്ഞാനകേന്ദ്രത്തിൽ**നിന്നും ഇന്ന്**(28-05-2021ന്)**ഓൺലൈൻ പരിശീലനങ്ങൾ നൽകുന്നു. 'പച്ചക്കറി കൃഷിയിൽ ജൈവരോഗ കീട നിയന്ത്രണമാർഗങ്ങൾ' എന്ന വിഷയത്തിൽ ശ്രീമതി ബിന്ദു ആർ മാത്യൂസ് രാവിലെ 11.30 ന് പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446911451** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. **പത്തനംതിട്ട ജില്ലാകൃഷിവിജ്ഞാനകേന്ദ്രത്തിന്റെ**ആഭിമുഖ്യത്തിൽ നടത്തുന്ന ഓൺലൈൻ പരിശീലനത്തിന്റെ ഭാഗമായി ഇന്ന് (28.05.2021) 'വീട്ടുവളപ്പിൽ നിന്നും ലഭ്യമാകുന്ന വിളകളില് നിന്നും സമീകൃത ആഹാരം'എന്ന വിഷയത്തിലും, നാളെ (29.05.2021ന്)'വാഴ കൃഷി ശാസ്ത്രീയ പരിപാലന മുറകൾ'എന്നവിഷയത്തിലും പരിശീലനംനൽകുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് അതാതു ദിവസങ്ങളിൽ രാവിലെപതിനൊന്ന്മണിക്ക് **meet.google.com/dpq-ykor-opd** എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽപങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്ബന്ധപ്പെടേണ്ട ഫോൺ നമ്പർ **8078572094**

9. **വിളപരിപാലന നിർദ്ദേശം**

- വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൌകര്യം ഉറപ്പാക്കുക.
- മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണുകയാണെങ്കിൽ കുമ്മായം ആവശ്യത്തിന് ചേർത്തുകൊടുക്കുക.
- വിരിപ്പുകൃഷി ഇറക്കുന്ന പാടങ്ങളിൽ നെൽകൃഷിയ്ക്കായി നിലമൊരുക്കൽ ആരംഭിക്കാവുന്നതാണ്.
- തെങ്ങിന്റെ കൂമ്പുചീയൽ രോഗത്തിനു പ്രതിവിധിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തെങ്ങിന്റെ കുമ്പിൽ തളിച്ചുകൊടുക്കാവുന്നതാണ്.